പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1106 — 10.08.2017 ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ റെയിൽവേ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.എഫ്.തോമസ്**<br>**,, പി.ജെ.ജോസഫ്**<br>**ഡോ.എൻ. ജയരാജ്** | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികളിൽ അംഗീകാരം ലഭിച്ചവ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) നിലവിൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) നിർദ്ദിഷ്ട ശബരി റെയിൽ പാതയുടെ തുടർ നടപടികൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

(എ) യും (ബി) യും (സി) യും സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രവുമായി ചേർന്ന് ആരംഭിച്ച സംയുക്ത സംരംഭക കമ്പനിയായ കേരള റെയിൽ വികസന കോർപ്പറേഷൻ മൂന്ന് ഘട്ടങ്ങളിലായി 8 പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു. ഇതിൽ ഉൾപ്പെട്ട തലശ്ശേരി - മൈസൂർ പാതയ്ക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അങ്കമാലി - ശബരി റെയിൽ പദ്ധതിയുടെ കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ച് തർക്കം ഉണ്ടായിരുന്നു. ആയത് പരിഹരിച്ച് കോട്ടയം ജില്ലാ കളക്ടർ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് 11.02.2014 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ അംഗീകരിക്കുകയുണ്ടായി. ആയത് റെയിൽവേയുടെ പരിഗണനയിലാണ്. അങ്കമാലി-ശബരി റെയിൽപാതയുടെ ആവശ്യകത കണക്കിലെടുത്ത് ബഹു. പ്രധാനമന്ത്രിയുടെ പ്രത്യേക താൽപര്യപ്രകാരം നിർദ്ദിഷ്ട പദ്ധതി പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽപാതയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്കു കുറുകെയുള്ള പാലം പണിയും പുരോഗതിയിലാണ്. 24.40 ഹെക്ടർ സ്ഥലം ഈ റെയിൽപാതക്കു വേണ്ടി കൈമാറിയിട്ടുണ്ട്. അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ ഉദ്ഘാടനം ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാകും വിധം പണി പുരോഗമിച്ചു വരുന്നു.

അണ്ടർ സെക്രട്ടറി